**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 297** | **27-06-2024 - ൽ മറുപടിയ്ക്ക്**

**പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം. കെ. മുനീർ ,<br>ശ്രീ. പി. കെ. ബഷീർ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | പഞ്ചായത്തുകളിൽ സ്പോർട്സ് കൗൺസിൽ രൂപീകരിച്ച് പ്രാദേശിക തലത്തിൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്.<br><br>2000 ലെ കേരള സ്പോർട്സ് ആക്ട്, 2008 ലെ കേരള സ്പോർട്സ് ചട്ടങ്ങൾ എന്നിവ പ്രകാരം കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ചുകൊണ്ട് 29/12/2021 ലെ സ.ഉ.(കൈ)നം. 304/2021/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കായിക പ്രവർത്തനങ്ങൾ താഴെ തട്ടിൽ സജീവമാക്കാനും ശാരീരികക്ഷമതയുള്ള സമൂഹം സൃഷ്ടിക്കാനും ലക്ഷ്യമിട്ടുള്ള സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രസക്തമായ സംവിധാനമാണ് തദ്ദേശ സ്വയംഭരണ സ്ഥാപനതല സ്പോർട്സ് കൗൺസിൽ.<br><br>കായിക വികസനം ഊർജ്ജിതമാക്കാനും ചെറുപ്രായത്തിൽ തന്നെ മികച്ച കായിക പരിശീലനം നൽകുവാനും മുഴുവൻ ജനങ്ങളെയും ശാരീരികക്ഷമത പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുവാനും പ്രാദേശിക സ്പോർട്സ് കൗൺസിലുകൾ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ടെന്ന് വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ആയത് രൂപീകരിച്ചിട്ടുള്ളത്.<br><br>ഇക്കാര്യങ്ങൾ വിശദമാക്കുന്ന വിപുലമായ സെമിനാർ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ 2023 ജൂൺ 15 ന് തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ച് നടത്തുകയുണ്ടായി.<br><br>എല്ലാ ജില്ലകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് സമ്മിറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി. തുടർന്ന് തദ്ദേശ |

| | | | |
|---|---|---|---|
| | | | സ്വയംഭരണ സ്ഥാപനങ്ങൾ സമർപ്പിച്ച പ്രൊപ്പോസലുകൾ 2024 ജനുവരി 23 മുതൽ 26 വരെ നടന്ന അന്താരാഷ്ട്ര കായിക സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി. സമ്മിറ്റിൽ അവതരിപ്പിച്ച പദ്ധതികൾ താഴെ പറയുന്നവയാണ് :<br><br>• അനുയോജ്യമായ ഗ്രൗണ്ടുകൾ<br>• ടൂർണമെന്റ് (ഏതെങ്കിലും പോപ്പുലറായ കായിക ഇനത്തിൽ).<br>• ഗ്രാമീണ കായിക വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ഇവെന്റുകൾ.<br>• നീന്തൽ ക്ലാസ്സുകൾ പോലുള്ള ആവശ്യ വൈദഗ്ദ്യ പരിശീലനം.<br>• സ്വയം പ്രതിരോധ ശേഷി ഉയർത്താൻ സഹായിക്കുന്ന ഇനങ്ങളിൽ പരിശീലനം.<br>• ഫുട്ബോൾ, വോളിബോൾ, ബാസ്കറ്റ്ബോൾ, അത്ലറ്റിക്സ് എന്നിവയിൽ പരിശീലന പദ്ധതികൾ.<br>• ഇൻഡോർ ഗെയിമുകൾക്കുള്ള സൗകര്യം, ടർഫുകൾ മുതലായവ.<br>• നിലവിലുള്ള ഗ്രൗണ്ട്, ഓഡിറ്റോറിയം, കുളങ്ങൾ, ജലാശയങ്ങൾ, തരിശുഭൂമി പോലുള്ള സൗകര്യങ്ങളെ പ്രയോജനപ്പെടുത്താൻ കഴിയുന്ന തരത്തിലുള്ള കായിക പദ്ധതികൾ.<br>• ടർഫ്, ജിം പോലുള്ള സ്വകാര്യ സംരംഭങ്ങൾക്ക് പ്രോത്സാഹനം.<br>• മൾട്ടി പർപ്പസ് സ്പോർട്സ് കോംപ്ലക്സുകളുടെ സാധ്യത ആരായൽ.<br>• നിലവിലുള്ള സൗകര്യങ്ങളുടെ വൈവിധ്യമാർന്ന ഉപയോഗം സാധ്യമാക്കൽ.<br>• ഫിറ്റ്നസ്സ് ഫോർ ഓൾ പദ്ധതി എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്നതിനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലെ താഴെ തട്ടുകളിൽ കായിക സംസ്കാരം വളർത്തുന്നതിനും ഗ്രാമീണ, നഗര പ്രദേശത്തിലെ കുട്ടികൾക്കിടയിൽ അടിസ്ഥാന കായിക പരിശീലനം നൽകുന്നതിനും, കായിക നൈപുണ്യ വികസനത്തിനുമായി സംസ്ഥാന സ്പോർട്സ് കൗൺസിൽ ബജറ്റ് വിഹിതമായി 2024-25 വർഷത്തിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രാദേശികതലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ബി) | **പ്രാദേശികതലത്തിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുന്ന പദ്ധതിയായ "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം"** |

പദ്ധതിയ്ക്കായി ജനപ്രതിനിധികളുടെ ശിപാർശ പ്രകാരം തയ്യാറാക്കിയ 124 കളിസ്ഥലങ്ങളുടെ പ്രാഥമിക ലിസ്റ്റിന് സർക്കാരിൽ നിന്നും ജി.ഒ. (ആർ.റ്റി) നം. 239/2022/കാ.യു.വ. തീയതി 30.09.2022 പ്രകാരം അംഗീകാരം നൽകിയിരുന്നു. തുടർന്ന് 14.02.2024 ലെ സ.ഉ(സാധാ)നം.40/2024/കാ.യു.വ. പ്രകാരം ടി ലിസ്റ്റിന് ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. 18.10.2023 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ. പ്രകാരം 120 കളിസ്ഥലങ്ങൾക്ക് 60 കോടി രൂപയുടെ സമഗ്ര ഭരണാനുമതി നൽകിയും സർക്കാർ ഉത്തരവായിട്ടുണ്ട്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ 09.10.2023 തീയതിയിലെ സ.ഉ (അച്ചടി) നം.104/2023/ധന പ്രകാരം SoP (Standard Operating Procedure) നിലവിൽ വരുന്നതിന് മുൻപ് തന്നെ സർക്കാർ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 4 കളിക്കളങ്ങളുടെ പ്രവൃത്തി ആരംഭിക്കുകയും ആയതിൽ ഒരു കളിക്കളത്തിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഒരു കളിക്കളത്തിന് ആവശ്യമായി വരുന്ന തുകയുടെ 50% തുക (പരമാവധി 50 ലക്ഷം രൂപ) കായിക വകുപ്പിന്റെ പദ്ധതി വിഹിതമായും ബാക്കി വരുന്ന തുക ജനപ്രതിനിധികളുടെ ആസ്തി വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സ്ഥാപനങ്ങളുടെ സാമൂഹ്യ പ്രതിബദ്ധതാ ഫണ്ടിൽ നിന്നുമാണ് വകയിരുത്തുന്നത്. ഇതിൻ പ്രകാരം സർക്കാർ സമഗ്രഭരണാനുമതി നൽകിയിരുന്ന 120 കളിക്കളങ്ങളിൽ എം.എൽ.എ/എം.പി/ തദ്ദേശ സ്വയംഭരണ ഫണ്ട് വിഹിതം ലഭ്യമായ 43 കളിക്കളങ്ങളിൽ 40 കളിക്കളങ്ങൾക്ക് കായികയുവജനകാര്യാലയം ഡയറക്ടർ പ്ലാൻ ഫണ്ടും, എം.എൽ.എ/എം.പി./ തദ്ദേശ സ്വയംഭരണ ഫണ്ടും ചേർത്ത് സമഗ്രഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ 36 പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും ഇവയിൽ 32 പ്രവൃത്തികളുടെ ദർഘാസ് ക്ഷണിക്കുകയും 14 പ്രവൃത്തികൾക്ക് ടെണ്ടർ ലഭ്യമായിട്ടുണ്ട്. ആയതിൽ 4 എണ്ണത്തിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ബാക്കി 18 പ്രവൃത്തികൾക്ക് റീ ടെണ്ടറുകൾ ക്ഷണിച്ചിട്ടും ടെണ്ടറുകൾ ലഭിച്ചിരുന്നില്ല. ഇവ വീണ്ടും റീടെണ്ടർ

| | | | |
|---|---|---|---|
| | | | ക്ഷണിക്കുന്നതാണ്. കൂടാതെ 4 പ്രവൃത്തികളുടെ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (സി) | കായികമേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | കായിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനായി കായിക രംഗത്ത് ആഗോള പങ്കാളിത്തവും നിക്ഷേപവും ലക്ഷ്യമിട്ട്, കേരളത്തിലെ കായികലോകത്തിന് പുത്തനുണർവ്വും ദിശാബോധവും നൽകി കൊണ്ട് 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. ഇന്ത്യയിൽ തന്നെ ആദ്യമായി ഒരു സംസ്ഥാനം സംഘടിപ്പിക്കുന്ന കായിക ഉച്ചകോടിയിൽ കായിക സാമ്പത്തിക വ്യവസ്ഥയിലൂന്നിയുള്ള നിരവധി സെഷനുകൾ സംഘടിപ്പിച്ചു. കേരളം വിഭാവനം ചെയ്യുന്ന കായിക സമ്പദ് വ്യവസ്ഥയ്ക്ക് വലിയ ഊർജ്ജം പകരുന്നതിനായി 27 പദ്ധതികളിലായി 5025 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനങ്ങളാണ് സമ്മിറ്റിൽ ലഭ്യമായത്. അടിസ്ഥാന സൗകര്യ വികസനം, കായിക പരിശീലനം, ഇ-സ്പോർട്സ്, സ്പോർട്സ് ലീഗ്, കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം, സാഹസിക കായിക വിനോദം/മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിൽ നിന്നുള്ള പദ്ധതികളാണ് സമ്മിറ്റിൽ അവതരിപ്പിക്കപ്പെട്ടത്.<br>അടിസ്ഥാന സൗകര്യ വികസന മേഖലയിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനോടൊപ്പം തന്നെ നൂതനമായ ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ട്.<br><br>ഫുഡ്ബോൾ പ്രതിഭകളെ കണ്ടെത്താനും പരിശീലനം നല്കുവാനും ഖേലോ ഇന്ത്യ ഫുഡ്ബോൾ മുഖേന 14 ജില്ലകളിൽ സെലക്ഷൻ നടത്തുവാനും RBS-മായി ചേർന്ന് റയൽ മാഡ്രിഡ് ഫൗണ്ടേഷനുമായി സഹകരിച്ച് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 150 പരിശീലകർക്ക് പരിശീലനം നല്കാനായി 'Train the Trainers' പ്രോഗ്രാം തുടങ്ങുവാനും ചർച്ചകൾ പുരോഗമിക്കുന്നു. ഒപ്പം കുട്ടികളുടെ വേൾഡ് കപ്പ് കളിക്കാൻ സ്പോർട്സ് സ്കൂളിലെ കുട്ടികളെ കൊണ്ടുപോകാനുള്ള ചർച്ച പരോഗമിക്കുകയാണ്. KCA, KFA എന്നിവർ മുന്നോട്ടുവച്ച പദ്ധതികൾ സംബന്ധിച്ച് പരിശോധനകൾ പുരോഗമിക്കുകയാണ്. GCDA-യുമായി ചേർന്ന് കൊച്ചിയിലെ അവരുടെ കീഴിലുള്ള സ്ഥലങ്ങളിൽ കായിക അടിസ്ഥാന സൗകര്യങ്ങൾ നടപ്പാക്കാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു. NBF ഫിറ്റ്നസ് അക്കാഡമി വഴി കേരളത്തിലെ പഞ്ചായത്തുകളിലും കോളേജുകളിലും ഫിറ്റ്നസ് സ്റ്റോഡുകൾ സ്ഥാപിക്കാനുള്ള ചർച്ചകൾ |

പുരോഗമിക്കുന്നു. ഒപ്പം 10 ഇടങ്ങളിൽ പൈലറ്റ് സ്റ്റഡി നടത്താൻ തീരുമാനിച്ചു.

ലെജൻസ് ഫൗണ്ടേഷനുമായി ചേർന്ന് കേരളത്തിൽ 3 ബാസ്കറ്റ്ബോൾ ഉന്നത പരിശീലന കേന്ദ്രങ്ങൾ തുടങ്ങാൻ ചർച്ചകൾ പുരോഗമിക്കുന്നു. സോഷ്യൽ ക്ലബ്ബുകളുമായി ചേർന്ന് 140 നിയോജക മണ്ഡലങ്ങളിൽ ഒരു സ്കൂളിൽ വീതം ഹെൽത്തി കിഡ്സ് പദ്ധതി തുടങ്ങാൻ നടപടികൾ പുരോഗമിക്കുന്നു. Decathlon-മായി ചേർന്ന്, സംസ്ഥാനത്തെ 70 സ്കൂളുകളിൽ കായികോപകരണങ്ങൾ വിതരണം ചെയ്യാൻ ധാരണയായി.

ഇ-സ്പോർട്സ് മേഖലയിൽ അടിസ്ഥാന സൗകര്യ വികസനം, പരിശീലനം, മത്സരം എന്നിവയ്ക്കായി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. കായിക താരങ്ങൾക്ക് കൂടുതൽ അവസരം നൽകുന്നതിനും വാണിജ്യവൽക്കരിക്കുന്നതിനുമായി വിവിധ ലീഗുകൾ ആസൂത്രണം ചെയ്തിട്ടുണ്ട്. കേരള ഫുട്ബോൾ അസോസിയേഷൻ സമ്മിറ്റിൽ കേരള സൂപ്പർ ലീഗ് പ്രഖ്യാപിച്ചിട്ടുണ്ട്. കോളേജ് സ്പോർട്സ് വാണിജ്യവൽക്കരിക്കുക എന്ന ആശയത്തോടെ രൂപം കൊടുത്ത കോളേജ് സ്പോർട്സ് ലീഗ് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സാഹസിക കായിക വിനോദം/ മോട്ടോർ സ്പോർട്സ്, സ്പോർട്സ് ടൂറിസം തുടങ്ങിയ മേഖലകളിലും കായിക മേഖലയുമായി ബന്ധപ്പെട്ട എൻഡ് ടു എൻഡ് വെബ് പ്ലാറ്റ്ഫോം വികസിപ്പിക്കുന്നതിനുമായി ലഭിച്ച പ്രൊപ്പോസലുകൾ നടപ്പിലാക്കുന്നതിന് വിവിധ ഏജൻസികളുമായി ചർച്ചകൾ നടത്തി വരുന്നു. സംസ്ഥാനത്ത് കായിക സമ്പദ് വ്യവസ്ഥ രൂപപ്പെടുത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനും കായിക മികവ് വീണ്ടെടുക്കുന്നതിനും ഉച്ചകോടിയിൽ അവതരിപ്പിക്കപ്പെട്ട പദ്ധതികൾ സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.**

**കൂടാതെ, നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.**

**ധീരം - സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് കുടുംബശ്രീ മുഖേന എല്ലാ സ്ത്രീകളിലേയ്ക്കും സ്വയം**

| | | | |
|---|---|---|---|
| | | | പ്രതിരോധത്തിനായി കരാട്ടെ പരിശീലനം നൽകി വരുന്ന ധീരം എന്ന പദ്ധതി സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br><br>അതോടൊപ്പം കായിക യുവജന കാര്യാലയത്തിൽ നിന്നുള്ള വിവിധ പദ്ധതികൾ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന നടപ്പിലാക്കി വരുന്നു. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ഗോൾ - 140 നിയോജക മണ്ഡലങ്ങളിലായി ഗ്രാസ് റൂട്ട് ലെവലിൽ ഫുട്ബോൾ പരിശീലനം നൽകി വരുന്ന പദ്ധതിയാണ് ഗോൾ.<br><br>പഞ്ച് - 8 വയസ്സുമുതൽ 16 വയസ്സ വരെയുള്ള കുട്ടികൾക്ക് ഗ്രാസ് റൂട്ട് ലെവലിൽ ബോക്സിംഗ് പരിശീലനം നൽകി വരുന്ന പദ്ധതി.<br><br>ജൂഡോക്കാ - 8 വയസ്സ മുതൽ 12 വയസ്സ വരെയുള്ള കുട്ടികൾക്ക് ഗ്രാസ് റൂട്ട് ലെവലിൽ ജൂഡോ പരിശീലനം നൽകി വരുന്ന പദ്ധതിയാണിത്.<br><br>ഹെൽത്തി കിഡ്സ് - കേരളത്തിലെ പ്രൈമറി സ്കൂളുകളിലെ കുട്ടികൾക്ക് അടിസ്ഥാന മോട്ടോർ ഗുണങ്ങൾ/ കായിക ക്ഷമതയും പൊതു ജനാരോഗ്യവും ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. |

സെക്ഷൻ ഓഫീസർ